**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്ത് 2009-10 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-5 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം. 2574/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 21/10/2013**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 30/03/2013-ലെ എം3-8347/13 നമ്പർ കത്ത്.

2) 20/08/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽഎഫ്/പിറ്റി3/9291/2013 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 പ്രകാരം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ എന്ന പ്രോജക്ടിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 5,000/- രൂപ ചെലവഴിക്കാൻ യഥേഷ്ടാനുമതി ഉണ്ടായിരിക്കെ 8,500/- രൂപ ചെലവഴിച്ചതിനാൽ, അധികമായി ചെലവഴിച്ച 3,500/- രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിച്ചിരുന്നു.

ഉദയഗിരി ഗ്രാമപഞ്ചായത്തിൽ 2009-10 വർഷത്തിൽ പദ്ധതി നടപ്പാക്കിയ മെഡിക്കൽ ആഫീസറുടെ അപേക്ഷ പരിഗണിച്ചും കുന്നിൻമേഖലയായതിനാലാണ് തുക അധികരിച്ച് ചെലവഴിക്കേണ്ടി വന്നതെന്നും മേൽതുക പൾസ് പോളിയോ പദ്ധതിക്ക് യഥാർത്ഥമായി ചെലവായ തുകയാണെന്നും ബോദ്ധ്യപ്പെട്ടതിനാൽ സർക്കാർ യഥേഷ്ടാനുമതി നൽകിയ തുകയേക്കാൾ അധികരിച്ച ചെലവഴിച്ച 3,500/- രൂപയുടെ ചെലവിന് സാധൂകരണം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള 09/08/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 107/2012(1) നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗവും മേൽപറഞ്ഞ തുകയ്ക്ക് സാധൂകരണം വാങ്ങാൻ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ കുന്നിൻ മേഖലയായതിനാൽ രണ്ട് തവണയായി നടത്തിയ പൾസ് പോളിയോ ഇമ്മ്യൂണൈസേഷന് അധികം

ചെലവ് വന്നുവെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി, പഞ്ചായത്ത് ഭരണ സമിതി തീരുമാനം ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ പരിഗണിച്ച് 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5-ലെ അധിക ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5-ൽ തടസ്സപ്പെടുത്തിയ 3,500/- രൂപ (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം.എസ്. റഷീദ,
അണ്ടർ സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ഉദയഗിരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ